തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ വെസ്റ്റേൺ ഇൻഡ്യ കോട്ടൺസിലെ തൊഴിൽ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി നിരവധി ചർച്ചകൾ നടന്നു. അവിടെ ക്ഷാമബത്ത കൊടുക്കുന്നതിനെ സംബന്ധിച്ചാണ് തർക്കം. തൊഴിൽ ബന്ധ സമിതി (ഐ.ആർ.സി.) തന്നെ ഇതേക്കുറിച്ച് ചർച്ച ചെയ്ത്, ഡി. എ. കൊടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള വളരെ സ്പെസിഫിക്കായ ഒരു നിർദ്ദേശം അവർക്ക് കൊടുത്തു. കേരളത്തിലെ ടെക്സ്റ്റൽ മില്ലുകളിൽ പൊതുവെയുള്ള ചില പ്രശ്നങ്ങളുടെ കാരണം പറഞ്ഞാണ് അവിടെ അവർ ഇപ്പോൾ ഓരോ സെക്ഷനായി നിർത്തലാക്കിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം നിർദ്ദേശിച്ചതുപോലെ ഒരു ചർച്ച നടത്തി വെസ്റ്റേൺ ഇൻഡ്യാ കോട്ടൺസിലെ പ്രശ്നം പരിഹരിക്കാൻ തീർച്ചയായും ശ്രമിക്കും.

(4) കൃഷിനാശം സംഭവിച്ച കർഷകർക്ക് സാമ്പത്തിക സഹായം

ശ്രീ. കെ. സി. ജോസഫ് : സർ, എന്റെ നിയോജകമണ്ഡലത്തിലുള്ള ആലക്കോട്, ഉദയഗിരി, നടുവിൽ, എരുവേശ്ശി എന്നീ നാല് പഞ്ചായത്തുകളിൽ രണ്ടാഴ്ച മുമ്പുണ്ടായ പൊടിക്കാറ്റ്മൂലം വ്യാപകമായ കൃഷിനാശമുണ്ടായിരിക്കുന്നു. ആയിരക്കണക്കിന് വാഴകൾ നശിച്ചുപോയി. അവിടത്തെ കൃഷിക്കാർ ചെറുകിട കൃഷിക്കാരാണ്. പലരും സ്ഥലം പാട്ടത്തിനെടുത്ത് ബാങ്ക് വായ്പ വാങ്ങി കൃഷി ചെയ്യുന്നവരാണ്. ചിലയിടത്ത് വാഴക്കൃഷി നടത്തുന്നത് കുടുംബശ്രീ യൂണിറ്റുകളാണ്. കഴിഞ്ഞ കാലങ്ങളിൽനിന്ന് വ്യത്യസ്തമായി ധാരാളം കർഷകർക്ക് നഷ്ടപരിഹാരം കൊടുത്ത പാരമ്പര്യമുള്ള ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഈ മേഖലയിലുണ്ടായ നാശനഷ്ടം കണക്കിലെടുത്ത് കൃഷിക്കാർക്കാവശ്യമായ നഷ്ടപരിഹാരം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ, ചുഴലിക്കാറ്റ് മുഖാന്തിരം മെമ്പറുടെ നിയോജകമണ്ഡലത്തിലെ ഉദയഗിരി പഞ്ചായത്തിൽ 52.77 ലക്ഷം രൂപയുടെയും ആലക്കോട് പഞ്ചായത്തിൽ 12.74 ലക്ഷം രൂപയുടെയും എരുവേശ്ശി പഞ്ചായത്തിൽ 25.55 ലക്ഷം രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. വേറൊരു പഞ്ചായത്തിലും നഷ്ടമുള്ളതായി കണക്കാക്കിയിട്ടില്ല. ഇതെല്ലാം കൂട്ടി ശരിയാക്കി റവന്യൂ ഡിപ്പാർട്ടുമെന്റിലേക്ക് അയയ്ക്കുന്നുണ്ട്.
.....(ബഹളം).....

ശ്രീ. എം. വി. ജയരാജൻ : .....നഷ്ട പരിഹാരംകൊടുക്കേണ്ടതു റവന്യൂ വകുപ്പാണ്.

മി. സ്പീക്കർ: ശ്രീ. ജയരാജൻ പറഞ്ഞത് ശരിയാണ്. അതിന് വേണ്ട ഏർപ്പാട് ചെയ്യാം. റവന്യൂ വകുപ്പാണ് നഷ്ടപരിഹാരം കൊടുക്കേണ്ടത്. അത് നോക്കാം.

LIBRARY ARCHIVES Kerala Legislative Assembly